## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖല വിടുതൽ ചെയ്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും, ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 30/09/2020 ലെ 40-3/2020-DM- I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 13/10/2020 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 (1) തീയതി: 13-10-2020**

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ **31.10.2020** വരെ ദീർഘിപ്പിച്ചും ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ/ പ്രദേശങ്ങളിൽ കൂടുതലായി സമ്പർക്കത്തിലൂടെയുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത നിലവിലെ സാഹചര്യത്തിൽ **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടൈൻമെൻറ് മേഖലകളിൽനിന്നും ഒഴിവാക്കി ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു.**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ് / മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | പെരുവന്താനം ഗ്രാമ | a) 11 -ാം വാർഡ് പൂർണ്ണം |

| | | |
|---|---|---|
| | പഞ്ചായത്ത് | b) 12 - ാം വാർഡിൽ ഉൾപ്പെടുന്ന കോട്ടപ്പാറ കുരിശടി ജംഗ്ഷൻ മുതൽ കുളത്തിനാൽപ്പടി വരെയുള്ള റോഡിന്റെ ഇരുവശവും |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| **ക്രമ നമ്പർ** | **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്** | **കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല** |
|---|---|---|
| 1. | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | 5 -ാം വാർഡിലെ വണ്ടിപ്പെരിയാർ ടൌൺ മുതൽ ചുരക്കുളം ആറ്റോരം വരെയുള്ള ഭാഗം. |
| 2. | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 19 -ാം വാർഡിൽ ഉൾപ്പെടുന്ന<br>i) എസ് ബി ഐ മൂന്നാർ ടൗൺ ബ്രാഞ്ച് മുതൽ ടാറ്റ ജനറൽ ഹോസ്പിറ്റൽ വരെയുള്ള മൂന്നാർ ടൗൺ - ടാറ്റ GH റോഡിന്റെ ഇരുവശവും<br>ii) ബി എസ് എൻ എൽ ജംഗ്ഷൻ മുതൽ പഞ്ചായത്ത് ഓഫീസ് വരെയുള്ള മൂന്നാർ ടൗൺ - മൂന്നാർ പഞ്ചായത്ത് ഓഫീസ് റോഡിന്റെ ഇരുവശവും. . |
| 3. | മുട്ടം ഗ്രാമ പഞ്ചായത്ത് | 13 -ാം വാർഡിൽ ഉൾപ്പെട്ട<br>a) കളപ്പുര കോളനി ജംഗ്ഷൻ മുതൽ ഊരാക്കുന്ന് പള്ളി വരെയുള്ള ഇടപ്പള്ളി റോഡിന്റെ ഇടതുവശത്തുള്ള ഭാഗങ്ങൾ<br>b) ഊരാക്കുന്ന് പള്ളി ജംഗ്ഷൻ മുതൽ കോടതി ജംഗ്ഷൻ വരെയുള്ള തൊടുപുഴ - മൂലമറ്റം റോഡിന്റെ ഇടതുവശത്തുള്ള ഭാഗങ്ങൾ<br>c) കോടതി ജംഗ്ഷൻ മുതൽ കോടതിയിലേക്കുള്ള പാലം വരെ റോഡിന്റെ ഇടതുവശം |
| 4. | മൂന്നാർ ഗ്രാമപഞ്ചായത്ത് | a) 9, 10, 13, 18, 19, 20 വാർഡുകളിൽ ഉൾപ്പെട്ടു വരുന്ന മൂന്നാർ ടൌൺ ഏരിയ പൂർണ്ണമായും.<br>b) 18-ാം വാർഡ് പൂർണ്ണമായും.<br>c) വാർഡ് 12 പൂർണ്ണം |
| 5. | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് | a) വാർഡ്- 9 ( ചിത്തിരപുരം) ൽ ചിത്തിരപുരം ഗവ: ഹൈസ്കൂൾ ഭാഗം മുതൽ സീറോ ലാന്റ് - ഡോബി പാലം -കടുവാ വളവ് വരെ റോഡിന്റെ ഇരുഭാഗവും<br>b) വാർഡ് - 8 ലെ ഗോകുലം പാർക്ക് റിസോർട്ടിന്റെ സമീപ പ്രദേശം മുതൽ ചെകുത്താൻമുക്ക് സ്നോലൈൻ റിസോർട്ടിന്റെ പരിസര പ്രദേശം വരെ റോഡിന്റെ ഇരുവശവും |

| | | |
|---|---|---|
| 6. | വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് | 5, 6 വാർഡുകളിൽ ഉൾപ്പെട്ട് വരുന്ന -<br>a) മുതുവാൻ കുടി - ഈട്ടി സിറ്റി റോഡിൽ മുതുവാൻ കുടി സിറ്റി മുതൽ ലീഫ് റിസോർട്ട് വരെയുള്ള റോഡിന് ഇരുവശങ്ങളും.<br>b) 5, 6 വാർഡുകളുടെ അതിർത്തിയിലുള്ള ശ്രീ സുകുമാരൻ മെമ്പറുടെ വീടിന് 100 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾ.<br>5,6,9 വാർഡുകളിൽ ഉൾപ്പെട്ട് വരുന്ന -<br>c) കുത്തുപാറ സിറ്റി മുതൽ ചെങ്കുളം KSEB കോളനി വരെ മെയിൻ റോഡിന് ഇരുവശങ്ങളും.<br>d) വാർഡ് 9 ൽ ഉൾപ്പെട്ട് വരുന്ന കുത്തുപാറ - പള്ളിക്കുന്ന് റോഡിന് ഇരുവശങ്ങളും.<br>e) എൽക്കുന്ന് ഈട്ടി സിറ്റി മറ്റത്തിൽ ജോസ് എന്ന വ്യക്തിയുടെ വീടിന് സമീപത്ത് കൂടി മുതുവാൻ കുടി റോഡ് പ്രകാശ് പടി മുതൽ പെരുമാത്തേത്ത് പ്രസാദ് പടി ഒഴുകയിൽ പ്രകാശിന്റെ വീടിന് സമീപം വരെ<br>f) വാർഡ് 9 ൽ ഉൾപ്പെട്ട് വരുന്ന ചെങ്കുളം KSEB കോളനി മുതൽ മേഴ്സി ഹോം റോഡ് മുതുവാൻ കുടി അമ്പലം വരെ, |
| 7. | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | a) 2, 9 വാർഡുകൾ പൂർണ്ണം |
| 8. | പീരുമേട് ഗ്രാമ പഞ്ചായത്ത് | 8 -ാം വാർഡിലെ കരടിക്കുഴി എ.വി.റ്റി എസ്റ്റേറ്റ് W.P ഡിവിഷണിലെ മെട്ടു ലയം മാത്രം |
| 9. | അറക്കുളം ഗ്രാമ പഞ്ചായത്ത് | a) 12 -ാം വാർഡ് പൂർണ്ണം<br>b) 6, 13 വാർഡുകളിൽ ഉൾപ്പെട്ടു വരുന്ന സെന്റ് ജോർജ്ജ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള കലുങ്ക് മുതൽ മൂലമറ്റം ടൌൺ പൂർണ്ണമായും, പന്തലാഡിക്കൽ ഉള്ള ഇഷ്ടിക കമ്പനിയുടെ 151 -ാം നമ്പർ കെട്ടിടം മുതൽ 6 -ാം വാർഡ് അവസാനിക്കുന്ന 614 -ാം നമ്പർ കെട്ടിടം വരെയും ഉള്ള പ്രദേശം. |
| 10. | ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് | a) 2 -ാം വാർഡിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ മൌണ്ടൻ വാലി എസ്റ്റേറ്റ് വരെയുള്ള ഭാഗം (ചിറ്റാംപാറ റോഡിന് ഇരുവശവും)<br>b) 2, 13 വാർഡുകളിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ പളിയകുടി അംഗൻവാടി വരെയുള്ള പ്രദേശം (7 -ാം മൈൽ റോഡിന് ഇരുവശവും)<br>c) 2, 14 വാർഡുകളിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ എൻ.എസ്.കെ.പി എസ്റ്റേറ്റ് വരെയുള്ള ഭാഗം (മേലെ ചക്കുപള്ളം റോഡിന് ഇരുവശവും)<br>d) 13, 14 വാർഡുകളിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ ഗവ. ട്രൈബൽ സ്കൂൾ, ചക്കുപള്ളം വരെയുള്ള ഭാഗം (മേനോൻ |

| | | |
|---|---|---|
| | | മേട് റോഡിന് ഇരുവശവും) |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം (13.10.2020) മുതൽ കണ്ടൈൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടൈൻമെൻറ്/ മൈക്രോ കണ്ടൈൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്